# കേരളീയ നവോത്ഥാനവും മാനവികതയും

സഹ്യപർവ്വത സാനുക്കളുടെ മടിത്തട്ടിൽ ഒതുക്കപ്പെട്ടുകിടന്ന് ഭാരതത്തിന്റെ തെക്കേയറ്റത്തായി സ്ഥിതിചെയ്യുന്ന കേരളമെന്ന അക്ഷര സംസ്ഥാനം ലോകത്തിനുതന്നെ മാതൃകയായി നിലനിൽക്കുന്നത് നിരന്തരമായ പല മാറ്റങ്ങൾക്ക് വിധേയമായും അവ സ്വീകരിച്ച് ഒഴുക്കിനൊപ്പം സഞ്ചരിച്ചതു-കൊണ്ടുമൊക്കെയാണ്. വീരദേശാഭിമാനികളുടെയും രക്തസാക്ഷികളുടെയും നവോത്ഥാന നായകന്മാരുടെയും വീരനായകരുടെയുമൊക്കെ നിതാന്തമായ അശ്രാന്ത പരിശ്രമങ്ങളുടെ ഫലമാണ് ഇന്നത്തെ പ്രബുദ്ധ കേരളം.

ചോദ്യങ്ങൾ തൊടുക്കുകയും ഉത്തരം കണ്ടെത്തി അവ സാധാരണ ജനങ്ങൾക്കിടയിൽ ലളിതമായി അവതരിപ്പിക്കുകയും, അവരിൽ അറിവിന്റെ വിത്തുകൾ പാകി പരിപോഷിപ്പിച്ച അശ്രാന്തമായ പ്രവർത്തനങ്ങളടങ്ങിയ പ്രസ്ഥാനമാണ് നവോത്ഥാനം.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നവോത്ഥാനം മനുഷ്യനെ നന്മതിന്മകളെ തിരിച്ചറിയാനും അതിനെതിരെ ശബ്ദിക്കാനുള്ള കരുത്തും ഊർജ്ജവുമേകിക്കൊണ്ട് സാമൂഹിക വിപ്ലവം സൃഷ്ടിച്ചു. പാശ്ചാത്യ രാജ്യമായ ഇംഗ്ലണ്ടിൽ തുടക്കം കുറിക്കപ്പെട്ട ഈ ജ്ഞാനോദയത്തിന്റെ അലയൊലികൾ മലയാളനാട്ടിലും പ്രചരിച്ചു. മനുഷ്യനെ മറ്റു ജന്തുജാലങ്ങളിൽനിന്ന് വ്യത്യസ്തനാക്കുന്ന, അവനിലെ സഹജീവി സ്നേഹവും, കാരുണ്യവും, സഹനശക്തിയുമൊക്കെ ഉൾപ്പെടുന്ന സവിശേഷ ഗുണമാണ് മാനവികത. മാനവിക മൂല്യങ്ങൾ മാനവജന്മത്തിന്റെ സാർത്ഥകതയുടെ അളവുകോലും മനുഷ്യസമൂഹത്തിന്റെ പുരോഗതിയിൽ വലിയൊരു പങ്കും വഹിക്കുന്നു. മാനവികത അതിജീവനത്തിനു പൂരകമായി പ്രവർത്തിക്കുന്നു.

നവോത്ഥാന പ്രചാരത്തിലൂടെ സമൂഹം ആർജ്ജിച്ചെടുത്ത ജ്ഞാനം മാനവികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നു. ഈ മാനുഷിക സത്തകൾ മനുഷ്യനെന്ന വ്യക്തിഗത അംഗത്തെയും അതുമൂലം കുടുംബത്തെയും സമൂഹത്തെയും രാഷ്ട്രത്തെയും പുരോഗതിയിലേക്കു നയിക്കുന്നു. അങ്ങനെ സാമൂഹിക അടിത്തറ ദൃഢമാകുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കേരള ചരിത്രം:

പാശ്ചാത്യ അധിനിവേശവും നാട്ടുരാജാക്കന്മാരുടെ ഭരണവുമൊക്കെ ഏതൊരു പ്രദേശത്തെയും പോലെ കേരളത്തെയും ബാധിച്ചിരുന്നു. പണ്ഡിത - പാമര, ദരിദ്ര - കുബേര, ജാതി - മത ഭേദങ്ങൾ അടക്കിവാണിരുന്ന കേരളത്തെ പരിവർത്തനപാതയിലേക്ക് നയിച്ചവരിൽ പ്രമുഖസ്ഥാനം നവോത്ഥാനനായകർ അർഹിക്കുന്നു.

"കേരളം, ഒരു ഭ്രാന്താലയം"

- സ്വാമി വിവേകാനന്ദൻ.

തന്റെ കേരളസന്ദർശനസമയത്ത് ഇവിടെയുള്ള കൊടിയ ദുഷ്പ്രഭുത്വവും മനുഷ്യത്വരഹിത ഇടപെടലുകളും ആചാരങ്ങളും നിരീക്ഷിച്ച് വിവേകാനന്ദൻ പറഞ്ഞ വാക്കുകളാണിവ. പക്ഷെ അതേ സന്ദർശനസമയത്ത് ഏറ്റവും ജ്ഞാനിയായ ചിന്മുദ്രയുടെ രവിസ്വമിയുന്ന സർവ്വഗുണസമ്പന്നനായ ഒരു ആചാര്യനെ കണ്ടുമുട്ടിയെന്ന് വിവേകാനന്ദൻ ചട്ടമ്പിസ്വാമികളെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ട്. ഈ ചട്ടമ്പിസ്വാമിതന്നെയാണ് പിന്നീട് കേരള നവോത്ഥാനത്തിന് ശ്രീനാരായണഗുരു, വൈകുണ്ഠസ്വാമികൾ, തുടങ്ങിയവരുടെ സമകാലീനനായി ചുക്കാൻ പിടിച്ചത്. ഇങ്ങനെ ചരിത്രം തിരുത്തിക്കുറിച്ച് നേടിയതാണ് കേരളത്തിന്റെ ഇന്നത്തെ പെരുമ.

Item Code: 944 Participant Code: 023

കേരള നവോത്ഥാനം.

തിരുവിതാംകൂർ ഭരണത്തെ കറുത്ത നീചരുടെ ഭരണമെന്ന് നിർഭയത്തോടെ പറഞ്ഞ് വൈകുണ്ഠസ്വാമികൾ ദക്ഷിണ കേരളത്തിൽ നവോത്ഥാനത്തിന്റെ അലയൊലികൾ പ്രാരംഭിച്ചു. വൈകുണ്ഠസ്വാമികൾ അക്കാലത്തെ പന്തിഭോജനം, സവർണ്ണ – അവർണ്ണ അസമത്വം തുടങ്ങിയവയെക്കുറിച്ച് ശബ്ദിക്കുകയും സാമൂഹിക സമപന്തിഭോജനം നടപ്പിൽവരുത്തുകയും ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർ എന്ന് മുദ്രകുത്തപ്പെട്ട അവർണ്ണർക്ക് പൊതുകിണറുകളിൽ വെള്ളം പോലും എടുക്കാനുള്ള അവകാശമില്ലായിരുന്നു. ഇങ്ങനെയുള്ള നീചത്വത്തെ ചോദ്യം ചെയ്തുകൊണ്ട് 'മുന്തിരിക്കിണർ' എന്ന പൊതുകിണർ സ്ഥാപിക്കുകയും ജാതിമതഭേദമില്ലാതെ ചേരാവുന്ന 'അയ്യാവഴി' എന്ന ചിന്താധാരയ്ക്കും അദ്ദേഹം രൂപംകൊടുത്തു. തന്റെ ആശയങ്ങൾ പൊതുജനസമക്ഷം എത്തിക്കാൻ 'സമത്വസമാജം' എന്ന സംഘടന സ്ഥാപിച്ചു.

അയ്യാ വൈകുണ്ഠരുടെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് തൈക്കാട് അയ്യാ ഗുരുക്കൾക്കും ശ്രീനാരായണഗുരുവിനും ചട്ടമ്പിസ്വാമികൾക്കുമൊക്കെ നവോത്ഥാനത്തിന്റെ പാതയൊരുക്കിയത്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കേരള നവോത്ഥാന ചരിത്രത്തിലെ യുഗപുരുഷനാണ് ശ്രീനാരായണഗുരു. അദ്ദേഹം മനുഷ്യന്റെ പുരോഗതി-യിലൂന്നിയാണ് സമൂഹത്തിൽ കുടികൊണ്ടിരുന്ന ഉച്ചനീചത്വങ്ങൾക്കെതിരെ പോരാടിയത്. ശ്രീനാരായണഗുരു "ജാതി ഒന്ന്, മതം ഒന്ന്, ദൈവം ഒന്ന്" എന്ന സന്ദേശം മനുഷ്യകുലത്തിന് കൈമാറുകയും അതിലൂടെ സമത്വത്തിലേക്കു നയിക്കാൻ ശ്രമിക്കുകയും ചെയ്തു. മതങ്ങൾ ഉണ്ടാക്കുന്ന സ്പർധകൾ കുറയ്ക്കാനായി 1924 ൽ അദ്ദേഹം ആലുവ സർവ്വമത സമ്മേളനം വിളിച്ചുകൂട്ടുകയും തന്റെ ആശയങ്ങൾ നാനാദിക്കിലേക്ക് പ്രചരിപ്പിക്കുകയും ചെയ്തു. 'ശ്രീനാരായണ ധർമ്മ പരിപാലനായോഗം' എന്ന യോഗം സ്ഥാപിച്ചു മനുഷ്യകുലം ഒന്നാണെന്ന ചിന്താധാര പ്രചരിപ്പിച്ചു. സാഹോദര്യത്തിന്റെ ഉന്നത പ്രതീകമായി ഗുരു നിലകൊള്ളുന്നു.

ജീവകാരുണ്യത്തിലൂന്നിയ നവോത്ഥാനത്തിലായിരുന്നു ചട്ടമ്പിസ്വാമികളുടെ പ്രവർത്തനം. പന്തിഭോജനത്തെ എതിർത്തുകൊണ്ട് മിശ്രഭോജനവ്യവസ്ഥ സഹോദരൻ അയ്യപ്പൻ കേരളത്തിൽ വ്യാപിപ്പിച്ചു. നവോത്ഥാന ചരിത്രത്തിലെ (കേരളത്തിലെ) ആദ്യ രക്തസാക്ഷിയാണ് ആറാട്ടുപുഴ വേലായുധപ്പണിക്കർ.

കേരള നവോത്ഥാനത്തിലെ ആധുനിക രൂപങ്ങളായിരുന്നു വി. ടി. ഭട്ടതിരിപ്പാടും, എം. ആർ. ഭട്ടതിരിപ്പാടുമൊക്കെ അവർ സവർണരിലെ അസമത്വത്തിനെതിരെയും മിശ്രവിവാഹത്തെയും, വിധവാവിവാഹത്തെയും പ്രോത്സാഹിപ്പിച്ചു. പുലയരുടെയുടെയും അധസ്ഥിതവിഭാഗങ്ങളുടെ ഉന്നമനത്തിനായി അയ്യങ്കാളി പടനയിച്ചു. അവരുടെ വിദ്യാഭ്യാസത്തിനും വഴിനടക്കാനുള്ള അവകാശത്തിനായും പോരാടി.

## ഏടുകൾ

കേരള നവോത്ഥാന ചരിത്രത്തിലെ സുപ്രധാന ഏടാണ് ഗുരുവായൂർ സത്യാഗ്രഹവും വൈക്കം സത്യാഗ്രഹവും. താഴ്ന്ന ജാതിക്കാർക്ക് അമ്പലങ്ങളിൽ കയറാനുള്ള അവകാശമില്ലാതിരുന്ന ~~കാലത്ത്~~ കാലത്ത് അതിനെതിരെ ഗുരുവായൂർ ക്ഷേത്രത്തിലെ മണിയടിച്ച് അങ്ങനെ ചെയ്യുന്ന ആദ്യ അബ്രാഹ്മണനായി പി. കൃഷ്ണപിള്ള. 1924 ൽ തുടങ്ങി 637 ദിവസം നീണ്ടുനിന്ന ഇന്ത്യയിലെ ആദ്യത്തെ വർണ്ണവിവേചനത്തിനെതിരെയുള്ള സത്യാഗ്രഹമായിരുന്നു വൈക്കം സത്യാഗ്രഹം. കുഞ്ഞാപ്പി, ബാഹുലേയൻ, ഗോവിന്ദപ്പണിക്കർ എന്നിവർ സത്യാഗ്രഹികളായ ഈ സമരം കോട്ടയം വൈക്കം മഹാദേവ ക്ഷേത്രത്തിനടുത്തെ

വഴി സാധാരണക്കാർക്ക് തുറന്നുകൊടുക്കാൻ വേണ്ടി നടത്തിയതായിരുന്നു. ഇത്തരത്തിലുള്ള സമരങ്ങൾ കേരളത്തെയാകെ പിടിച്ചുകുലുക്കുകയും മാനവിക മൂല്യങ്ങളിലൂന്നിയ സമത്വം എല്ലാവർക്കും പല നിയമങ്ങളിലൂടെ നേടിത്തരാൻ പ്രാപ്തമാവുകയും ചെയ്തു.

സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടുന്നും നേർവഴി തെരഞ്ഞെടുക്കാനും മനുഷ്യനെ നവോത്ഥാന മൂല്യങ്ങൾ പ്രാപ്തമാക്കി.

## കേരളീയരുടെ മാനവികത

"മനുഷ്യത്വത്തെ നമുക്ക് കുറ്റം പറയാനാകില്ല, കാരണം നമ്മളോരോരുത്തരും മനുഷ്യരാണ്"

- ആൽബർട്ട് ഐൻസ്റ്റീൻ.

മാനവികതയാണ് മനുഷ്യനെ മനുഷ്യനാക്കുന്നതും സമൂഹത്തോടെയുള്ള നിലനിൽപ്പ് സാധ്യമാക്കുന്നതും. മാനവികത മനുഷ്യന്റെ ഓരോ തീരുമാനങ്ങളുടേയും പുനർവിചിന്തനത്തിനു വഴിയൊരുക്കുന്നു. മറ്റുള്ള തന്റെ സഹജീവികളുടെ ജീവിതത്തെയും സ്വാധീനിക്കുന്നതാകുന്നു.

കേരളീയരുടെ മാനവികത സമത്വത്തിലും നവോത്ഥാന ആശയങ്ങളിലൂന്നിയതും ജീവിതത്തിലും ബന്ധിക്കപ്പെ-ട്ടിരിക്കുന്നു. നവോത്ഥാനകാലത്ത് ഊന്നം നേടിയ അറിവും, വിദ്യാഭ്യാസത്തിലൂടെ പഠിച്ച മൂല്യങ്ങളും അനുഭവസമ്പത്തുമൊക്കെ മാനവികതയിൽ പ്രതിഫലിക്കുന്നു

കേരളം പ്രകൃതിദുരന്തങ്ങളുടെയും മഹാമാരികളുടെ-യുമൊക്കെ പിടിയിലകപ്പെട്ട് വിറങ്ങലിച്ച വർഷങ്ങളാണ് കടന്നുപോയത്: ഈ സമയത്ത് വില, നില ഭേദമില്ലാതെ കാണാൻകഴിഞ്ഞത് മലയാളിയുടെ ഹൃദയസൗന്ദര്യം - മാനവികത, മനുഷ്യത്വം!

പെട്ടിമുടി, ചൂരൽമല ഉരുൾപൊട്ടലുകളും, നിപ്പാ, കോവിഡ് മഹാമാരികളെയും തുടച്ചുനീക്കി അതിജീവിക്കാൻ പ്രാപ്തരാക്കിയത് സഹജീവിസ്നേഹം-തന്നെയാണ്. പ്രളയബാധിതരുടെ സഹായത്തിനായി കുട്ടികൾ കുടുക്കപൊട്ടിച്ചും വീട്ടമ്മമാർ തങ്ങളുടെ അരുമകളെ വിറ്റും സന്നദ്ധപ്രവർകർ സഹായമെത്തി-ക്കുകയും ചെയ്യുക വഴി തങ്ങളാലാവുന്ന വിധം സഹായഹസ്തവും നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിലൂടെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Item Code: 944 Participant Code: 023

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ
തിയ്യതി..................
★ പ്രോഗ്രാം കമ്മിറ്റി ★

ദുരിതബാധിതരുടെ അതിജീവനം ഉറപ്പാക്കി. സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവർ ടൗൺഷിപ്പ് നിർമാണത്തിനായി ഭൂമി വാഗ്ദാനം ചെയ്തു. വിവിധസേനാംഗങ്ങൾ ഫലേച്ഛയില്ലാതെ ജീവൻ രക്ഷിക്കാനായി തുനിഞ്ഞുപ്രവർത്തിച്ചു.

എല്ലായ്പ്പോഴും പഴിചാരപ്പെടുന്ന സാമൂഹിക മാധ്യമങ്ങൾ ദുരന്തകാലത്ത് രക്ഷാദൂതരായി. ആശയവിനിമയത്തിന്റെ വേഗം കൂട്ടുകയും ദുരന്തത്തിന്റെ വ്യാപ്തി കുറയ്ക്കാനും ഇവ സഹായകമായി.

കോവിഡ് നിപ്പാ ദുരന്തകാലത്ത് ആരോഗ്യ പ്രവർത്തകരുടെ സന്ദേശങ്ങൾ കൃത്യമായി പാലിച്ച് രോഗം തടയാൻ കേരളീയ സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിച്ചു. 'ബ്രേക്ക് ദ് ചെയിൻ', 'തുപ്പല്ലേ തോറ്റുപോകും' പോലുള്ള ക്യാമ്പയിനുകളെ പാലിച്ചു. മാനവികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒറ്റക്കെട്ടായി പ്രവർത്തിച്ചതിനു മറ്റൊരു ഉദാഹരണം കൂടിയാണ് 'മിഷൻ അർജുൻ'. ഇങ്ങനെ നമ്മുടെ പ്രബുദ്ധ സമൂഹം എക്കാലത്തും അത്യാവശ്യമുള്ളവർക്ക് തണലായി പ്രവർത്തിച്ചു.

കേരളീയരിൽ നവോത്ഥാനത്തെയും മാനവികതയെയും ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണിയായി വിദ്യാഭ്യാസത്തെയും ശാസ്ത്രാവബോധത്തെയും ഉദ്ധരിക്കും. ഐക്യത്തിനും തെറ്റുകൾക്കെതിരെ ശബ്ദിക്കാൻ മലയാളി ശീലിച്ചിട്ടുണ്ട്. അത് തന്നെയാണ് ലോകത്തിന് നമ്മൾ സമർപ്പിക്കുന്ന 'കേരള മോഡൽ'. ഇതിൽ വിദ്യാർത്ഥികളുടെ പങ്കും ചെറുതല്ല. എൻ.സി.സി., എസ്.പി.സി., സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങിയവയിലൂടെ കുട്ടികളും മാറ്റത്തിൽ ഭാഗവാക്കുകളായി.

ഇങ്ങനെയൊക്കെയാണ് നമ്മുടെ നാട് വാൾട്ടർ മെൻഡിസിന്റെ സംബോധനയോടെ 'ദൈവത്തിന്റെ സ്വന്തം നാടാ'യി മാറിയത്!